# മണ്ഡല-മകരവിളക്കുകാലം
# ഹൈന്ദവന് വ്രതാനുഷ്ഠാനകാലമാവട്ടെ

ശബരിമലക്ഷേത്രത്തിലെ ഇത്തവണത്തെ മണ്ഡല-മകര വിളക്ക് മഹോത്സവത്തിന് ഈ മാസം 16-ന് ആരംഭം കുറിക്കുകയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഈ മഹാക്ഷേത്രത്തിലെ വരുമാനമാണ് ബോർഡിന്റെ കീഴിലുള്ള ആയിരത്തിൽപരം ക്ഷേത്രങ്ങളെയും ആറായിരത്തിൽപരം വരുന്ന ജീവനക്കാരെയും നിലനിർത്തുന്നതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. കോവിഡ് മഹാമാരിയുടെ വ്യാപനത്തിന്റെ പേരിൽ ഏറെ നിയന്ത്രണങ്ങളാണ് തീർത്ഥാടനത്തിന്റെ കാര്യത്തിൽ ഏർപ്പെടുത്തിയിരിക്കുന്നത്. യുവതീപ്രവേശനത്തിന്റെ പേരിൽ അനാവശ്യനിയന്ത്രണങ്ങൾ കൊണ്ടുവന്ന് മുൻവർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനം താറുമാറാക്കിയ കാര്യം ഏവർക്കും അറിയാം. അതുമൂലം കോടിക്കണക്കിനു രൂപയുടെ നഷ്ടമാണ് ദേവസ്വം ബോർഡിനുണ്ടായത് എന്നു പറയപ്പെടുന്നു. അതിൽനിന്നു കരകയറുവാൻ ബോർഡിന് ഇതുവരെ കഴിഞ്ഞിട്ടില്ല. അതിനു പുറമേയാണ് കോവിഡിന്റെ പേരിലുള്ള ഇപ്പോഴത്തെ നിയന്ത്രണം. 2018 വരെ ഓരോ തീർത്ഥാടനകാലത്തും പ്രതിദിനം കുറഞ്ഞത് അമ്പതിനായിരം തീർത്ഥാടകർ എത്തിയിരുന്നതാണ്. മുമ്പ് മണ്ഡലപൂജയ്ക്കും മകരവിളക്കിനും ദിവസേന ഒരു ലക്ഷത്തോളം പേർ എത്തിച്ചേർന്നിരുന്ന സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്.

ഈ വർഷത്തെ മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിന് ദിവസേന ആയിരംപേരെ മാത്രം പ്രവേശിപ്പിച്ചാൽ മതിയെന്നാണ് സർക്കാർതീരുമാനം. ശനി, ഞായർ ദിവസങ്ങളിൽ രണ്ടായിരംവീതം അനുവദിക്കുമെന്നും പറയുന്നു. അതും വെർച്വൽ ക്യൂ വഴി ബുക്കു ചെയ്യുന്നവർക്ക് മാത്രം. നെയ്യഭിഷേകവും ആചാരപരമായ മറ്റു വഴിപാടുകളും യഥാവിധി നടത്തുവാൻ ഉള്ള സാഹചര്യമില്ല എന്നുമറിയുന്നു. പമ്പയിൽ കുളിച്ച് ശുദ്ധിയോടെ മലകയറി അയ്യപ്പദർശനത്തിനുശേഷം നെയ്യഭിഷേകം നടത്തുക എന്നുള്ളതാണ് ആചാരപരമായും വിശ്വാസപരമായും ഏതു ഭക്തനും ആഗ്രഹിക്കുന്നത്. നെയ്യഭിഷേകം ചെയ്തില്ലെങ്കിൽ തീർത്ഥാടനം പൂർത്തിയായതായി ഒരു അയ്യപ്പഭക്തനും കരുതാനാവില്ല. നെയ്യഭിഷേകവും മറ്റു വഴിപാടുകളും യഥാവിധി നടത്താൻ അവസരം നിഷേധിക്കുന്നത് ഭക്തരോടു കാണിക്കുന്ന വിവേചനമാണ്.

സർക്കാരിന്റെ ഇപ്പോഴത്തെ നിയന്ത്രണത്തെ സംബന്ധിച്ച് ഏറ്റവും രസകരമായ കാര്യം, കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് ഉള്ളവർക്കു മാത്രമേ പ്രവേശനമുള്ളൂ എന്നതാണ്. രോഗമില്ലാത്തവരെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളൂ എന്ന നിബന്ധനയുള്ളപ്പോൾ തീർത്ഥാടകരുടെ എണ്ണത്തിലും ആചാരപരമായ മറ്റു കാര്യങ്ങളിലുമുള്ള ഇത്തരം നിയന്ത്രണം എന്തിനാണ് എന്നു മനസ്സിലാകുന്നില്ല. കോവിഡിന്റെ കാലമായതിനാൽ ചില നിയന്ത്രണങ്ങൾ വേണമെന്നതിൽ തർക്കമില്ല. എന്നാൽ, അത് കോവിഡ് രോഗികളല്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ട ശേഷം പ്രവേശിപ്പിക്കുന്ന തീർത്ഥാടകരെ ബുദ്ധിമുട്ടിക്കുന്ന രീതിയിലാകരുതെന്നും വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിക്കുന്ന രീതിയിൽ ആവണമെന്നും ബന്ധപ്പെട്ടവർ ഉറപ്പുവരുത്തണം എന്ന് എൻ.എസ്.എസ്. ആവശ്യപ്പെട്ടിരുന്നു.

എങ്കിലും, ദർശനം സംബന്ധിച്ചുള്ള നിയന്ത്രണങ്ങൾ തുടരാനാണ് ഭാവം. ഇത് ശബരിമലക്ഷേത്രത്തിന്റെ കാര്യത്തിൽ മാത്രമല്ല, ബോർഡിന്റെ കീഴിലുള്ള ആയിരത്തിൽപരം ക്ഷേത്രങ്ങളുടെ നിലനില്പിനും ആചാരാനുഷ്ഠാനങ്ങളുടെ സംരക്ഷണത്തിനും ഭക്തജനങ്ങളുടെ വിശ്വാസസംരക്ഷണത്തിനും ദോഷകരമാകുക തന്നെ ചെയ്യും.

കോവിഡ് നിബന്ധനകൾ നിമിത്തം ക്ഷേത്രദർശനം നിയന്ത്രിതമായിരിക്കുന്ന ഈ സാഹചര്യത്തിലും കോവിഡ് നിബന്ധനകൾ പാലിച്ചുകൊണ്ടുതന്നെ നമ്മുടെ ക്ഷേത്രങ്ങളും വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിക്കേണ്ട ബാദ്ധ്യത ഓരോ ഹൈന്ദവനുമുണ്ട്. വ്രതത്തോടൊപ്പം യഥാവിധി ക്ഷേത്രദർശനം നടത്തുന്നതിന് സാഹചര്യം ഇല്ലാത്ത പക്ഷം, സ്വഭവനങ്ങൾ ശുദ്ധവൃത്തിയോടുകൂടി സൂക്ഷിച്ച്, നാം ആരാധിക്കുന്ന മൂർത്തികളെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് പ്രാർത്ഥനാനിരതമായിരിക്കുവാൻ മണ്ഡല-മകരവിളക്ക് കാലയളവ് ഉപയോഗപ്പെടുത്തേണ്ടതാണ്. എങ്കിൽമാത്രമേ നാം ഇതുവരെ സംരക്ഷിച്ചുപോന്നിരുന്ന വിശ്വാസങ്ങളും ആചാരങ്ങളും തുടർന്നും നിലനിർത്തുവാൻ സാധിക്കുകയുള്ളു.